

ST:JOSEPH'S HIGHER SECONDARY SCHOOL,KIDANGOOR
LITTLE KITES IT CLUB
HUES
In Association With
little KITEs
KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
ESTD:1960
S.J.H.S.S.K
sjhsk1960@gmail.com

# ST:JOSEPH'S HIGHER SECONDARY SCHOOL,KIDANGOOR

sjhsk1960@gmail.com

**LITTLE KITES IT CLUB**



# Little Kites Club

## ST:JOSEPH'S HIGHER SECONDARY SCHOOL

## KIDANGOOR



## ***Message***

**'Hues'** digital magazine is the result of tireless efforts, dedication and constant support of teachers and Little Kites students to lead our institution towards greater heights of glory and fame. It is the platform of our blooming buds to reflect their vibrant talents in a creative way.

Performance always
Comes from the passion
And not from the pressure.

May your kites of creativity fly up to the Horizon
Wishing you all the best and God's Blessings



**Manager**

**Rev.Sr.Anita Jose F.C.C**

ROJI M. JOHN
(ANGAMALY)
MEMBER
KERALA LEGISLATIVE ASSEMBLY



## Message

I am extremely happy to know that the 'Little Kites' students of St.Joseph's Higher Secondary School, Kidangoor is bringing out a digital magazine to showcase the creative talents of students.

A school magazine is a medium for students to express their views and exhibit talents. My greetings and congratulations to the editorial team and contributors who have made this magazine a cherished possession for all. Hope this venture would inspire our students to come up with their creative writings in future as well.

Best wishes for all your endeavours.

Warm Regards,

MEMBER KERALA LEGISLATIVE ASSEMBLY ★ ANGAMALI ★

**ROJI M JOHN MLA**

# MESSAGE

Evey child is like a seed which has the potential to grow if it is nourished with love and care under the right guidance.

With immense pleasure i appreciate the Little Kites students especially the Editorial Board on their relentless endeavours in bringing out the Digital Magazine **'Hues'.**

In the 21st century the Digital Revolution affects us all. Quite simply, it is changing everything. Everyday digital media becomes more important in the realms of receiving , producing, sharing and broadcasting information. Innovation and novel ideas are keys to a bright future.

**'Hues'** is a Venture of the combined efforts of students and teachers.

May the **'Hues'** proclaim the uniqueness of St. Joseph.

With love,



Principal

Rev Sr. Tessin

# MESSAGE

കിടങ്ങൂർ St. Joseph's Higher Secondary School-ൽ കൊച്ചുകുട്ടുകാർ ചേർന്ന് പുറത്തിറക്കുന്ന ഡിജിറ്റൽ മാസിക 'Hues'- ന് എല്ലാവിധ വിജയാശംസകളും നേരുന്നു.

മികവിന്റെ കേന്ദ്രമായി തിളങ്ങുന്ന നമ്മുടെ വിദ്യാലയം കൂടുതൽ മികവ് പുലർത്താൻ ഈ സംരംഭം സഹായിക്കട്ടെ. ഈ മ്യാഗസിന്റെ പിന്നിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും വിജയാശംസകൾ. ഡിജിറ്റൽ സാങ്കേതിക വിദ്യയിലൂടെ, സ്മാർട്ട് ക്ലാസ് റൂമുകളിലൂടെ പുത്തൻ തലമുറ വളരട്ടെ.

ഒത്തിരി സ്നേഹത്തോടെ,



Jinto Varghese
Ward Member

# MESSAGE

ഒരു Digital World തങ്ങൾക്ക് സ്വന്തമാണെന്ന് അഭിമാനിക്കാൻ St.Joseph's Little Kites അണിയിച്ചൊരുക്കിയ 'Hues'-ന് എല്ലാവിധ ആശംസകളും ഭാവുകങ്ങളും നേരുന്നു.

സ്നേഹപൂർവ്വം,



**C.Baburaj**

P T A President

# എഡിറ്റോറിയൽ

ഞങ്ങളുടെ സർഗ്ഗപ്രതിഭകൾ ഇവിടെ മിഴിതുറക്കുകയാണ്. വാക്കുകളും വരകളും നിറച്ചാർത്തുമായി ഇതിനെ ഞങ്ങൾ അണിയിച്ചൊരുക്കാൻ ശ്രമിച്ചു. എളിയ പരിശ്രമം അത്രമാത്രം.......... ചെറിയ താലന്തുകൾ വെറുതെ ഒന്നു പുറം ലോകത്തേയ്ക്ക് പറത്തിവിടുന്നു. കൂട്ടുകാർ ഇതിനെ സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കട്ടെ. പൂർണ്ണതയൊന്നും അവകാശപ്പെടാൻ ഞങ്ങൾക്കർഹതയില്ല. ഈ എളിയ പരിശ്രമത്തെ സാദരം നിങ്ങൾക്കു മുമ്പിൽ സമർപ്പിക്കുന്നു.



ചീഫ് എഡിറ്റർ

**അഞ്ജന എസ്.**

# ഇതളുകൾ വിരിയുമ്പോൾ


1) പ്രതിസന്ധിയിൽ കൈ കോർക്കുന്ന കേരളം

2) The Master's Concern

3) എന്റെ ഗ്രാമം

4) കടലിന്റെ മക്കൾ

5) Are you ready for 3R's

6) ചിത്രശലഭങ്ങൾക്കും ചിലത് പറയാനുണ്ട്

7) ഗ്രാമത്തിലെ സ്വപ്നവീഥികൾ

8) പ്രകൃതി പാഠങ്ങൾ

9) God's Promise

10) രാമു അമ്മാവനും കുട്ടികളും

11) ജന്തുലോകത്തെ ഓട്ട പന്തയം

12) ഒരു ജാതി, ഒരു മതം, ഒരു ദൈവം

13) രോദനം

14) പഴഞ്ചൊല്ലുകൾ, കടങ്കഥകൾ

15) Science a Menace to Humanity

16) E – waste ഒരു ന്യൂജെൻ വില്ലൻ

17) മനുഷ്യനും പ്രകൃതിയും

18) Tribute To Kalpana Chawla

19) കരയാനൊരു മുറി

20) Be positive

21) മരംവെട്ടുകാരനും കടുവയും

22) ഉൾച്ചേരൽ വിദ്യാഭ്യാസത്തിന്റെ ആവശ്യകതയും സാമൂഹിക പങ്കാളിത്തവും

23) 2018 നാൾ വഴികളിലൂടെ

24) One Minute Please

# പ്രതിസന്ധികളിൽ കൈകോർക്കുന്ന കേരളം

അമ്മയാകുന്ന പ്രകൃതി ക്ഷോഭിച്ചതിന്റെ ഫലമായി കേരളം ഒന്നാകെ വിങ്ങുന്ന ഹൃദയമായി ജലപ്രളയത്തെ നേരി പ്രകൃതി താരാട്ടുപാടിയുറക്കിയിരുന്ന മലയാളികൾ ഇന്ന് ഞെട്ടിയുണരുകയാണ് എങ്കിലും പതറിയില്ല കേരളജനതകൾ ഹൃദയഭാരത്താൽ വീർപ്പുമുട്ടിയിട്ടും
നെഞ്ച് വിരിച്ചു മഹാപ്രളയത്തെ നേരിട്ടു. സമ്പാദിച്ചതെല്ലാം നഷ്ടപ്പെടിട്ടും പിടിച്ചുനിന്നു നാം . അമ്മയാകുന്ന പ്രകൃതി കലിതുള്ളിയിറങ്ങി കേരളം ഇന്നോളം വരെ നേരിടാത്ത ഒരു പ്രളയം .ഉറ്റവരെല്ലാം നഷ്ടപ്പെട്ടു
തളർന്നില്ല കേരളം . ജാതി ,മതം ,ഒന്നും നോക്കാതെ അവർ രാവും പകലും പിന്നിട്ടു .ഒന്നായി അവർ കൈകോർത്തു .ഇനി ഒരിക്കലും ഈ കൈകൾ തളരാതെ ഉയർന്നു നിൽക്കും ഇതാണ് കേരളം.

കഠിനമായ പ്രതിസന്ധികളെയും എന്തിന് മഹാപ്രളയത്തെ വരെ അവർ നേരിട്ടും .

1. ദൈവത്തിന്റ സ്വന്തം നാടായ കേരളം ഇന്ന് ദുരിതങ്ങളിൽ നിന്ന് ഒറ്റ കെട്ടായി ആതമ വിശ്വാസത്തോടെ കരകയറുന്നു . ഇത് വലിയൊരു ഉദാഹരണമാണ് ആലപ്പുഴ ജില്ലയിലെ കുട്ടനാട് കൂടുതൽ നെല്ല് ഉൽപ്പാദിപ്പിക്കുന്ന സ്ഥലം . കേരളത്തിന്റ ധാന്യപുരയെന്ന് അറിയപ്പെടുന്നു . മഹാപ്രളയത്തെ നേരിട്ടപ്പോൾ കൃഷി നശിച്ചു . എങ്കിലും തളർന്നില്ല അവർ ഒറ്റക്കെട്ടായി കൈകോർത്തു തരണം ചെയ്തു .
2. മഹാപ്രളയത്തെ ഹൃദയത്തിൽ വന്ന് ഇടിച്ചപ്പോൾ തകർന്നില്ല.കാരണം അത് ആത്മവിശ്വാസവും പരസ്പര വിശ്വാസവും കൂട്ടിച്ചേർത്തുണ്ടാക്കിയ സ്നേഹമാകുന്ന ഉറപ്പുള്ള മതിലായിരുന്നു.എമ്സാന്റും സിമന്റും കൂട്ടിച്ചേർക്കുന്നപോലെ

ഇവ രണ്ടും കൂടിച്ചേരുമ്പോൾ ഉറപ്പുള്ള ഒരു വീട് അഥവാ ആർക്കും തകർക്കാൻ കഴിയാത്ത മതിൽ രൂപപ്പെടുന്നു.ഇതിന് ഏറ്റവും നല്ല ഒരു ഉദാഹരണമാണ് പ്രളയത്തിൽ അകപ്പെട്ടവർക്ക് നല്കിയ വസ്ത്രങ്ങളും ഭക്ഷ്യസാധനങ്ങളും.അവർ അത് പരസ്പരം പങ്കിട്ട് ഭക്ഷിച്ചു.മഹാ മനസ്കതയുടെ അടയാളമാണ് ഈ സാധനങ്ങൾ നല്കിയ മനുഷ്യർ.ആ മഹാമനസ്കതയുടെ മുമ്പിൽ ഒട്ടാകെ വണങ്ങുന്നു.ഓരോ കേരള ജനതയും പ്രതിസന്ധികളിൽ തളരാത്ത ആളുകളുടെ പ്രതീകമാണ്.

3. ഒട്ടേറെ നാശനഷ്ടങ്ങൾ മാരകമായ അസുഖങ്ങൾ ചികിത്സിക്കാനും സേവനമനുഷ്ഠിക്കാനും സന്നദ്ധരായ ആളുകൾ കേരളം കരകയറി കഴിഞ്ഞു.ഇത്രനാളും വെള്ളത്തിൽ കഴിഞ്ഞു ഒറ്റകെട്ടായി അവർ പരിശ്രമിച്ചു.നീന്തി നീന്തി അവർ ഒരുമിച്ച് കൈകോർത്ത് പരിശ്രമിച്ചു.സഹനങ്ങളുടെയും യാതനകളുടെയും വഴിയിൽക്കൂടെ അവർ പരിശ്രമിച്ചു.തളർന്നില്ല കിതച്ചില്ല അവർ.സാഹസികമായ യാതനകൾ അവർ പിന്നിട്ടു.സാഹസികമായ നിമിഷങ്ങൾ അവർ ഒന്നിച്ചു നേരിട്ടു.പ്രതിസന്ധികളിൽ തളരില്ല അവർ.ഒറ്റകെട്ടായി തളരാതെ അവർ അന്നും ഇനി എന്നും പരിശ്രമിക്കും.ഈ പരിശ്രമം തന്നെയാണ് പുതിയ കേരളത്തിലെ വിസനം.പ്രതിസന്ധി എന്തെന്ന് അവർ പഠിച്ചു.ഇനി മറക്കില്ല ഒരിക്കലും പ്രതിസന്ധികളെ തരണം ചെയ്യാൻ.പ്രതിസന്ധികളിൽ കൈകോർക്കുന്ന കേരളം ഒട്ടാകെ ഇന്നും ഒരുമിച്ച് നിൽക്കുന്നു.തളരില്ല,തളരുകയില്ല,തളർന്നാലും എഴുന്നേൽക്കും കഴിയുന്നത്ര..

Abhirami Davi VIII

ZEN TALE

# The Master's Concern



The Zen Master Sengai had a student who would play truant every night. While everyone was asleep,he would get up,climb over the wall and go to town.

One night Sengai ,was on his rounds in the dormitory. When he looked into the student's room,he found him missing. When he went out into the garden,he discovered the high stool which he used to climb over the wall. Sengai removed the stool and stood in its place.

When the student returned,he climbed down backwards,assuming the stool was in its usual place. He put his feet on the master's head and jumped down into the garden. Then,discovering what he had done,he was devastated. As he stood there, his head bent with shame, Sengai said: “It is chilly in the early morning. Be careful not to catch cold.”

That was the pupil's last excursion and he eventually turned out to be one of Sengai's best students.

Ashik antu IX

# എന്റെ ഗ്രാമം

പച്ചപുതച്ച നെൽവയൽപാടങ്ങൾ
എങ്ങുമെങ്ങും പൂമരങ്ങൾ
ദൂരെ ദൂരെ മാമലകൾ
എത്ര സുന്ദരമെന്റെ ഗ്രാമം
മഴക്കാർവാനിലേറുമ്പോൾ
പീലിവിടർത്തിനിന്നാടും മയിലുകൾ
മന്ദമാരുതൻ മാടിവിളിക്കുമ്പോൾ
ആസ്വദിച്ചാടുന്ന കേര നിരകൾ
മന്ദാരങ്ങൾ വിടർന്നുനിൽക്കും
തേൻനുകരും ഷഡ്പദങ്ങളും
പൂത്തു നിൽക്കും പൂൽചെടികൾ
എത്ര സുന്ദരമെന്റെ ഗ്രാമം

Harsha binu VII



# കടലിന്റെ മക്കൾ



**ത**ണുത്തുറഞ്ഞ ആ കടൽകരയാകെ അന്ധകാരം നിറഞ്ഞു.മരച്ചില്ലകളിൽ താളം പിടിക്കുന്ന ഇലകൾ കാറ്റിന്റെ സാന്നിധ്യം കാണിക്കുന്നു.അതൊരു മഴക്കുള്ള സാധ്യതയാണ്.പക്ഷേ ഇതൊന്നും വകവയ്ക്കാതെ രാഹുൽ ആ മണൽ തരികളെ തന്റെ കാലുകളോടു ചേർത്തു,ഏതോ ഒരു ചൂടുപിടിച്ച  ആലോചനയിലാണ് അവൻ.   ആച്ചൂടിനെ തണുത്തകാറ്റിനുപോലുംകളയാൻസാധിക്കുന്നില്ല.നിശബ്ദ്തയെ ശബ്ദഭരിതമാക്കി ആകാശത്ത് ആദ്യ ഇടി വെട്ടി.ഒരു നേരത്തെ മൗനത്തിനു ശേഷം പിന്നെയും.വാനിൽ നിന്നുമുതിർന്ന ആദ്യ തുള്ളി രാഹുലിനെ ഒരു പക്ഷേ തണുപ്പിച്ചു കാണും.അവിടെ നിന്ന് ഒരോട്ടം അത് ചെന്നു അവസാനിച്ചത് അത്ര പഴകിയതല്ലാത്ത എന്നാൽ അത്ര സൗകര്യമില്ലാത്ത ഒരു വീട്ടിലാണ്.അതുതന്നെയാണ് രാഹുലിന്റെ

ലക്ഷ്യമായിരുന്നതും.വീട്ടിൽ കയറിയതും രാഹുൽ ഒന്നു തിരിഞ്ഞുനോക്കി.ഒരു അധ്യയന ദിവസം ക്ലാസിൽ കുട്ടികൾ ആകെ കളിചിരിയിലും സംസാരത്തിലുമാണ്. ആ കൂട്ടത്തിൽ രാഹുലുമുണ്ട്.പക്ഷേ അത്രകളിയിലൊന്നുമല്ല.എന്തെന്നുവെച്ചാൽ ഇന്നാണ് ഫീസ് അടയ്ക്കേണ്ട അവസാന ദിവസം.താൻ മാത്രമേ ആ ക്ലാസിൽ ബാക്കിയുള്ളൂ എന്ന് അവനുമറിയാം,ടീച്ചർ രാധയ്ക്കുമറിയാം.'ഠം' ക്ലാസിൽ കയറാനുള്ള ആദ്യ മണിയടിച്ചു.അതൊരു താക്കീതുമാണ്.ക്ലാസിൽ എല്ലാവരും നിശബ്ദരായി.രാധിക ടീച്ചറുടെ കാലടിയും  രാഹുലിന്റെ നെഞ്ചിടിയും ഒരേ താളത്തിലാണ് ശബ്ദിക്കുന്നത്.ടീച്ചർ ക്ലാസിൽ കയറിയതും എല്ലാവരും എഴുന്നേറ്റു ഗുഡ്  മോർണിങ്ങ് ടീച്ചർ എന്ന് ഒരേ സ്വരത്തിൽ പറഞ്ഞു.അല്ലെങ്കിലും അങ്ങനെയാണെല്ലോ ?  എല്ലാവരും ഇരുന്നു രാഹുലിന്റെ ബെഞ്ചിൽ രണ്ടു പേർ മാത്രം, ഒന്ന് അവനും രണ്ട് ക്ലാസിലെ ഏറ്റവും വലിയ അലമ്പൻ ജോയിമോനും.കാരണം രാഹുലിന്റെ അത്ര നല്ല യുണിഫോമോ അതിൽ നിന്നും വരുന്ന മീനിന്റെ ഗന്ധവും നല്ലതല്ല അതുമല്ല അവൻ ഒരു സാധരണക്കാരനുമാണ്. ബാക്കി കുട്ടികൾ ഡോക്ടർ,വക്കീൽ തുടങ്ങി എല്ലാ പ്രമുഖരുടെയും മക്കൾ.ഒരു നേരത്തെ മൗനത്തിനുശേഷം ടീച്ചർ അതീവരോക്ഷത്തോടെ വിളിച്ചു രാഹുൽ ആ ഒച്ചയിൽ ആ കെട്ടിടം തകർന്നേനെ എന്നു തോന്നും.അത്രമാത്രം ശബ്ദം.ഒരു കുറ്റക്കാരൻ എന്ന നിലയെന്നോണം തലതാഴ്ത്തി മെല്ലെ അവൻ എഴുന്നേറ്റു.ടീച്ചർ ചോദിച്ചു ഇന്നു നീ ഫീസ് കൊണ്ടു വന്നിട്ടുണ്ടോ ആ ചോദ്യം ഒരു ചോദ്യ ചിഹ്നമായി അവനു തോന്നി.അവന്റെ മൗനം രാധിക ടീച്ചറിനെ ഏറെ കോപിഷ്ഠയാക്കി.രാഹുൽ നിന്നോടാ ചോദിച്ചത്,നീ ഫീസ് കൊണ്ടു വന്നിട്ടുണ്ടോ? അതിനു ഉത്തരം ടീച്ചറെ അതിലേറെ കോപിഷ്ഠയാക്കി.ഇല്ല പിന്നെ നീ എന്തിനാ ഇങ്ങോട്ടു വന്നേ ഫീസ് ഇല്ലാതെ ക്ലാസിൽ വരണ്ട എന്നു ഞാൻ പറഞ്ഞതല്ലേ?അതിനുള്ള രാഹുലിന്റെ ഉത്തരം

തികച്ചും യഥാർത്യമായിരുന്നു."ടീച്ചറെ എന്റെ അച്ഛൻ കടാലില് പോയിട്ട് രണ്ടാഴ്ചയായി കടലില് പോയാലെ പൈസ കിട്ടൊള്ളൂ".അതൊന്നും എനിക്കറിയണ്ട ഫീസ് തരാൻ സാധിച്ചിലേൽ ഇനി നീ വരേണ്ട എന്ന് നീ ഫീസ് തരുന്നുവോ അന്ന് നീ ക്ലാസ്സിൽ കയറിയാൽ മതി അതൊരു ഉത്തരവായിരുന്നു.അതു കേട്ടതും രാഹുലിന്റെ കണ്ണുകളിൽ ചുവപ്പു കലർന്നു.വല്ല സർക്കാർ സ്കൂളിൽ പോയി ചേരേണ്ട സാധനങ്ങളൊക്കെ ഇത്ര വലിയ സ്കൂളിൽ ചേർന്നാൽ ഇതാ കുഴപ്പം.എന്ന ടീച്ചറുടെ മുറുമുറുപ്പ് അവന്റെ നെഞ്ചിനെ കൊല്ലുന്നതായിരുന്നു.ടീച്ചർ ഒരു ദിവസത്തെ അവധി കൂടി തരൂ.എന്ന രാഹുലിന്റെ യാചനയ്ക്ക് ഗെറ്റ് ഔട്ട് അതായിരുന്നു ഉത്തരം.കാലുകളിൽ ഭാരം കെട്ടിവെച്ചുന്നോണം അവൻ ക്ലാസിനു പുറത്തേക്കു മെല്ലെ നടന്നു പിന്നെ വീട്ടിലേക്കും.മോനേ രാഹുലേ അമ്മയുടെ വിളി അവനെ ആ ചിന്തയിൽ നിന്നും ഉണർത്തി. അവൻ ആ ചോറു പാത്രത്തിൽ നിന്നും ഒരു പിടി വാരി തിന്നു.പുറത്തു അതിശക്തമായ മഴയാണ്.ഇടതടവില്ലാതെ ആകാശത്തുനിന്നും കുതിച്ചു ചാടുന്ന മഴത്തുള്ളികൾ.കടൽ തിരമാലയുടെ താളവും മഴയുടെ ശബ്ദവും ചേർന്നപ്പോൾ അവിടം സംഗീതസാന്ദ്രമായിമാറി.അത്താഴത്തിനുശേഷം അവൻ അന്നു നടന്ന കാര്യങ്ങൾ മാതാപിതാക്കളോടു വിവരിച്ചു.എല്ലാത്തിനും പരിഹാരം കാണാമെന്നു അവർ അവനും വാക്കു നൽകി.അൽപം കഴിഞ്ഞ് അവർ നിദ്രയിലാണ്ടു.പക്ഷേ ആ മഴയ്ക്കു നിദ്രയില്ലായിരുന്നു.പെട്ടെന്നാണ് ശബ്ദം കേട്ട് എല്ലാവരും എഴുന്നേറ്റത്.രക്ഷിക്കണേ വെള്ളം കയറിയേ എല്ലാവരും എണിക്കു.എന്നിങ്ങനെയുള്ള പല ശബ്ദങ്ങളും കേട്ടാണ് രാഹുൽ എഴുന്നേറ്റത്.നേക്കുമ്പോൾ വീട്ടിൽ വെള്ളം കയറി തുടങ്ങുന്നു.അവനും അച്ഛനും കൂടി തങ്ങളുടെ ബോട്ടും വഞ്ചിയുമൊക്കെ ഇട്ടത്ത് പുറത്തിറങ്ങി.അയൽക്കാരെ കൂട്ടി അപ്പോഴേയ്ക്കും വെള്ളം അരയ്ക്കൊപ്പമെത്തി.ഉടനെ അവരെല്ലാവരും

ബോട്ടിൽ കയറി.രാഹലും അച്ഛനും കൂടി ബോട്ടു നിയന്ത്രിച്ചു അധികം വൈകാതെ ആ പ്രദേശം വെള്ളത്താൽ ചുറ്റപ്പെട്ടു.പല സ്ഥലങ്ങളിലും ആളുകൾ കുടുങ്ങി കിടന്നു.വഴിയറിയാതെ പലരും പരി ഭ്രാന്തരായി.കുറേ ആളുകളെ രാഹുലും സംഘവും തങ്ങളുടെ ബോട്ടിൽ രക്ഷപ്പെടുത്തി.റെസിഡൻഷ്യൽ ഏരിയയിലെ ഒരു വീട്ടിൽ കുടുങ്ങി കിടക്കുന്നു എന്ന സന്ദേശം ലഭിച്ച ഉടനെ രാഹുലും അച്ഛൻ ദിനേശ്ശും‌അവിടെയ്ക്കിരച്ചു.രണ്ടു നിലയുള്ള ആ വീടിന്റെ ഒരു നില മുങ്ങിയിരുന്നു.രാഹുലും അച്ഛനും നീന്തി ചെന്നാണ് ആ സ്ത്രീയ രക്ഷിച്ചത്. ബോട്ടിൽ ചെന്നപ്പോഴാണ് അതു തന്റെ ടീച്ചർ രാധികയാണെന്നു രാഹുലിന് മനസ്സിലായത്.അവരെ ഒരു സുരക്ഷിത സ്ഥലത്ത് എത്തിച്ചു.രാധിക ടീച്ചർ പറഞ്ഞു മോനേ രാഹുലേ ഒരുപാട് നന്ദിയുണ്ട്.ഓ അത് ഒന്നും വേണ്ട ടീച്ചർ ഇത് എന്റെ ഉത്തരവാദിത്വമാണ്.എന്നു പറഞ്ഞ രാഹുൽ തന്റെ പോക്കറ്റിൽ കൈയ്യിട്ടു ഒരു രണ്ടായിരത്തിന്റെ നോട്ടെടുത്ത് ടീച്ചർ കൈയ്യിൽ വച്ചു എന്നിട്ടു പറഞ്ഞു ടീച്ചറേ ഇതാ ഫീസ് ഇനി എനിക്കു ക്ലാസ്സിലു കേറാല്ലേ. ആ ചോദ്യത്തിനു ഉപ്പു കലർന്ന കുറച്ചു വെള്ളത്തുള്ളികളായിരുന്നു ടീച്ചറുടെ മറുപടി.എത്ര പ്രമുഖരുടെ അധ്യാപികയാണു താൻ, പക്ഷേ ഒരു ദുരിതം വന്നപ്പോൾ തികച്ചും കേവലമായ ഒരു മത്സ്യതൊഴിലാളിയുടെ മകൻ രക്ഷിക്കേണ്ടി വന്നു, അതും താൻ പഠിപ്പിക്കുന്ന കുട്ടി.ആ ചിന്തയിൽ ആ അധ്യാപക വളരെയധികം അഭിമാനം കൊണ്ടു.ഇതൊന്നും ശ്രദ്ധിക്കാതെ രാഹുലും മറ്റുള്ളവരും അടുത്ത രക്ഷാ ദൗത്യത്തിനായി മുന്നോട്ടു പോയിഅതുംഒരുമത്സ്യതൊഴിലാളിയുടെമകൻഎന്തുകൊണ്ട്?

Anto Sebastian X

# ***ARE YOU READY FOR 3R'S..............?***




Callous consumption of energy has ravaged the nature to a great extend during the last 2-3centuries.The biological and ecologically unhealthy ideas like"Man is the measure of all the things"and "nature is created for man for merry-making"have cost the nature and natural resources dearly.

In the case of human consumption,the concept of development and it's practise on such a large scale leads to energy crisis. Obviously ,the resources are depleting fast .While the demand for quick development accelerates beyond control.

Though easy solution for such"human created problems "are beyond young minds of our age ,there are certain steps to be taken for minimising the severity of the problems. Here,let's enlist a few things that can save a few number of trees and such other sources of energy .

1)Take a list of gadget used at our houses and don't replace if they function properly.
2)Dispose faulty/damaged gadgets on time .
3)Try to follow the principle of 3R's-Reduse,Reuse, Recycle.
4)Avoid plastic and use alternatives which are degradable.
5)Make your surroundings green with trees and plants as far as possible.

In this context,remember Gandhiji's words"The world has enough for everyone's need,but not enough for eveyone's greed".

**AnnTreesa Paul**
VII

# ചിത്രശലഭങ്ങൾക്കും ചിലത് പറയാനുണ്ട്....!

ആഗോള താപനവും  കാലാവസ്ഥ വ്യതിയാനവും പ്രകൃതിയിൽ  ഉണ്ടാക്കുന്ന ഭവിഷ്യത്തുകളെക്കുറിച്ച ചിത്രശഭങ്ങൾക്കും ചിലതൊക്കെ പറയനുണ്ട്.പ്രസിദ്ധ പരിസ്ഥി ശാസ്ത്രജ്ഞൻ ഫ്ളോരിയാൻ  ആൾറ്റർമാറ്റ് പറയുന്നത് കേൾക്കു. ചിത്രശലഭങ്ങൾ,നിശാശലഭങ്ങൾ എന്നിവ മധ്യ അമേരിക്കയിലെ  വനങ്ങളിൽ അദ്ദേഹത്തിൻെ കീഴിൽ ഗവേഷണം നടത്തുന്ന ഒരു സംഘം ശാസ്ത്രജ്ഞരുടെ അഭിപ്രായത്തുൽ. ചൂട് വർദ്ധിക്കുന്നതു മൂലം വർഷത്തിൽ പവതവണ അവയുടെ പുനരുൽപ്പാദനം നടക്കുന്നു. ഇതുമൂലം ഓരോ വർഷവും ഒന്നുൽക്കൂട്ടുതൽ നടക്കുന്ന തലമുറകൾ അവിടെ പ്രകൃക്ഷപ്പെടുന്നുണ്ട്.ഇത് വനത്തിൻെ സന്തുലിതാവസ്യയിൽതന്നെ മാറ്റങ്ങൾ വരുത്തുമെന്ന് ഭയപ്പെടുന്നു



Alwin Antu

IX

# ഗ്രാമത്തിലെ സ്വപ്നവീഥികൾ



സിറ്റി, തിരക്കുള്ള ജീവിതങ്ങൾ, സമയമില്ലാതെ സ്വന്തം ജീവിതത്തിന്റെ വിലയേറിയ നിമിഷങ്ങൾക്ക് വിലയിട്ട് പായുന്നു.മനുഷ്യർ സ്വന്തം കുടുംബങ്ങളെ നാലു ചുമരുകൾക്കുള്ളിൽ പൂട്ടിയിടുന്നു.ചുറ്റമുള്ളവരെ അറിയാതെ,അവരോട് സംസാരിക്കാതെ, വിശേഷങ്ങൾ അറിയാതെ പൊങ്ങച്ചത്തിന്റെ പകിട്ടിൽ ജീവിക്കുന്നവർ
സ്വന്തം ഉന്നതിയാക്കി തന്റെ ശമ്പളത്തിന്റെ അക്കങ്ങൾ വർദ്ധിപ്പിക്കാൻ ശ്രമിക്കുന്നവർ.ജോലിത്തിരക്കിൽ കുടുംബത്തെ ശ്രദ്ധിക്കാനും സ്നേഹിക്കാനും മറന്നു പോകുന്ന മാനവ ജന്മം.ഇതിനു സമമായ ഒരു ജീവിതമാണ് കിഷോറിന്റേത്.വലിയൊരു ഐ.റ്റി കമ്പനിയിലെ മാനേജർ പോസ്റ്റിൽ തൊഴിൽ ചെയ്യുന്നു.ഭാര്യ സുമിത സിറ്റിയിലെ പേരെടുത്ത വലിയൊരു ഡോക്ടറാണ്.ഇവരുടെ ഏകമകൻ കിരൺ എന്ന കിച്ചു.ജോലിയുടെ ഏറ്റക്കുറിച്ചുകളെച്ചൊല്ലി അടിപിടികൂടുന്ന മാതാപിതാക്കളെയാണ് അവൻ ജനിച്ച മുതൽ കണ്ടിട്ടുള്ളത്.സ്വന്തം മകനെ ശ്രദ്ധിക്കാനോ ലാളിക്കാനോ അവർ തങ്ങളുടെ ജീവിതത്തിൽ സമയം കണ്ടെത്തിയിരുന്നില്ല.കിച്ചുവിന്

ഏക സന്തോഷം തന്റെ മുത്തച്ഛനോട് ഫോണിലൂടെയുള്ള ഇടയ്ക്കുള്ള സംസാരമാണ്. ആ സംഭാഷണത്തിലൂടെ കടന്നു വരുന്ന ഗ്രാമത്തിലെ വിശേഷങ്ങൾ അവനെ ഗ്രാമവീഥികളിലേക്ക് ആകർഷിച്ചു.തികച്ചും പാശ്ചാത്യരീതിയിൽ വളർന്ന സുമിതയ്ക്ക് ഇതൊന്നും പിടിച്ചിരുന്നില്ല.ഇതിനിടയ്ക്ക് സുമിതയ്ക്ക് അമേരിക്കയിൽ ഒരു സെമിനാറിന്റെ ഭാഗമായി പോകേണ്ടി വന്നു.ആ ദിനത്തിൽ കിച്ചുവിന്റെ കഠിനമായ നിർബന്ധത്തിനു വഴങ്ങി കിഷോർ കിച്ചുവിനെ മുത്തച്ഛന്റെ അരികിൽ കൊണ്ടുപോകാനൊരുങ്ങി.ഗ്രാമത്തിലെ സ്വപ്നവീഥികൾ അവൻ കാറിനകത്തുനിന്ന് കണ്ണു ചിമ്മാതെ വീക്ഷിച്ചു.മുത്തച്ഛന്റെ വാക്കിൽ നിറഞ്ഞുനിന്നിരുന്ന പച്ചവയലും,തെളിനീർകുളങ്ങളും കുയിലിന്റെ തേൻനാദവും അവൻ വിസ്മയത്തോടെ വീക്ഷിച്ചു.വലിയൊരു മതിൽ കെട്ടിനകത്ത് ഒരു വലിയ തറവാടിന്റെ അടുത്തേയ്ക്ക് തന്റെ കാർ അടുക്കുന്നതു കണ്ട കിച്ചുവിന്റെ മനസ്സ് മന്ത്രിക്കാൻ ആരംഭിച്ചു.എന്റെ അച്ഛന്റെ തറവാട്,മുത്തച്ഛന്റെ വീട്,ഇവിടെ ആരെല്ലാം ഉണ്ടാകും?അവർക്ക് തന്നെ മനസ്സിലാകുമോ?അവൻ സ്വയം ചോദിക്കാൻ തുടങ്ങി.കാർ തറവാടിനരികിൽ എത്തി.ഒരു വൃദ്ധൻ ചാരു കസേരയിൽ നിന്നും എഴുന്നേറ്റ് നിവർന്നിരുന്ന് കയ്യിലുണ്ടായിരുന്ന വിശറി താഴെ വച്ച് ഒരു കണ്ണട എടുത്ത് തന്റെ മുഖത്ത് പതിപ്പിച്ച ശേഷം ഉറക്കെ വിളിച്ചു പറഞ്ഞു.കിച്ചു കാറിൽ നിന്നുമിറങ്ങി.താൻ അദ്ദേഹത്തെ ഇതുവരെ കണ്ടിട്ടില്ല,കേട്ടിട്ടേയുള്ളൂ.ഗ്രാമജീവിതത്തിലേക്ക് തന്നെ എത്തിച്ചതും അദ്ദേഹത്തിന്റെ വാക്കുകൾ തന്നെ.അവൻ ഏറേ സന്തോഷത്തോടെ ആ തറവാട്ടിലേയ്ക്ക് കിഷോറിന്റെ കൈപിടിച്ച് നടന്നുകയറി.മുത്തച്ഛൻ അവനെ വിളിച്ചു മടിയിലിരുത്തി,വാരി പുണർന്നു.നാൾ ഇതുവരെയുള്ള സ്നേഹം തന്റെ പേരക്കുട്ടിയിലേക്ക് പകരാൻ അദ്ദേഹം ശ്രമിച്ചു.വാസന്തി ചാരുകസേരയുടെ പുറകിൽ വന്നുനിന്ന് കിരണിനേയും കിഷോറിനെയും നോക്കി ആനന്ദാശ്രുക്കൾ പൊഴിക്കാൻ ആരംഭിച്ചു.ഫോണിലൂടെ തന്നെ


ആകർഷിച്ച ഗ്രാമത്തിലെ ഓരോ വിസ്മയങ്ങളും കണ്ട് ആസ്വദിക്കാനായി അവൻ മുത്തച്ഛന്റെ കൈപിടിച്ച് ഗ്രാമവീഥികളിലേക്ക് ഇറങ്ങി.അവൻ ഗ്രാമത്തിൽ ദർശിച്ചത് നിത്യേന തന്റെ സ്വപ്നത്തിലെത്തിയ സ്വർഗ്ഗത്തിന്റെ അതേ പ്രതീതിയാണ്.കളകളാരവത്താൽ തട്ടിയും തെറിച്ചും തെന്നിമായുന്ന അരുവികൾ,പുഴകൾ,ഭൂമിയിൽ പച്ചപ്പുതപ്പ് വിരിക്കാൻ നിലമുഴുന്ന കാളക്കുറ്റന്മാർ.ഗ്രാമത്തിന്റെ സൗന്ദര്യത്തെ ഇരട്ടി മധുരമാക്കുന്ന  കോകില കൂജനങ്ങൾ,പലവർണ്ണങ്ങളിൽ ചിരകുയർത്തി പാറുന്ന പറവകൾ.......... തേൻ നുകർന്നും പരാഗണം നടത്തിയും വസിക്കുന്ന പൂമ്പാറ്റകൾ....പീലി വിടർത്തിയാടുന്ന മയിൽ മരങ്ങളിൽ നിന്ന് മരങ്ങളിലേയ്ക്ക് ചാടി ഓടി കളിക്കുന്ന വാനരപ്പടയും അണ്ണാറക്കണ്ണന്മാരും....കുളത്തിൽ കേളിയാടി നീന്തിത്തുടിക്കുന്ന മത്സ്യങ്ങളെ പിടിക്കാനിറങ്ങുന്ന ബാലന്മാർ....അങ്ങനെ കിച്ചുവിനെ ആകർഷിച്ച ദൃശ്യങ്ങൾ ഒട്ടേറെ.ഗ്രാമത്തിലെ ഓരോ അറിവും അവനിലുണ്ടാക്കിയ അനുഭൂതിയും ആശ്ചര്യവും അപാരമായിരുന്നു.അവന്റെ വേദനകളിൽ കൂട്ടായും സന്തോഷങ്ങളിൽ ഒപ്പം നിന്നും സംശയങ്ങളിൽ സന്ദേഹം കൂടാതെ ഉത്തരം നൽകിയും ഇരുവരും വീട്ടിലേക്ക് മടങ്ങി.തിരികെയുള്ള യാത്രയ്ക്കിടയിൽ കിച്ചു തല ഉയർത്തി മുഖത്തേക്ക് നോക്കിയ ശേഷം മുത്തച്ഛനോട് ചോദിച്ചു മുത്തച്ഛാ,എന്നെ കുറച്ചു നാൾ കൂടിനിറുത്താമോ?എനിക്ക് ഇനി ആ നഗരത്തിലേക്ക് പോകേണ്ട.അവന്റെ ശബ്ദത്തിൽ വേദനയും നിഷ്കളങ്കതയും മുത്തച്ഛൻ കണ്ടെത്തിയെങ്കിലും അതിന് ഉത്തരം നൽകാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നില്ല.വീട്ടിലെത്തിയപ്പോൾ കിഷോർ ചാരുപടിയിൽ ചാരിക്കിടയ്ക്കുയാണ്.ചെറിയ മയക്കത്തിന്റെ ആർദ്രതയിൽ തിരക്കുപിടിച്ച ജീവിതത്തിൽ നിന്നും ഗ്രാമത്തിന്റെ ശാന്തതയിലേക്ക് വീണു കുഴഞ്ഞിരുന്നു കിഷോർ. കിച്ചുവും മുത്തച്ഛനും തിരിച്ചെത്തി.കിഷോറിനെ എഴുന്നേൽപ്പിക്കാനായി കിച്ചുവിന്റെ മുത്തച്ഛൻ തൊണ്ട

ഇടറുമ്പോൾ ഉണ്ടാകുന്ന ശബ്ദം പുറപ്പെടുവിച്ചു.അത് കേട്ടമാത്രയിൽ കിഷോർ ചാടി എഴുന്നേറ്റു.കിച്ചുവിനെ തന്റെ അരികിലേക്ക് വിളിച്ചുനിറുത്തി.കിഷോർ എഴുന്നേറ്റ് കൈയ്യിൽ കെട്ടിയിരിക്കുന്ന വാച്ചിലേക്ക് നോക്കിയിട്ട് പറഞ്ഞു സമയം വൈകി ഞാൻ എന്നാൽ ഇറങ്ങട്ടെ ,കിഷോർ വിടച്ചൊല്ലി.ശരിയെന്നരീതിയിൽ തലയാട്ടിയെങ്കിലും മുഖഭാവം അതിന് വിപരിതമായിരുന്നു.കിച്ചുവിനെ രണ്ടു ദിവസം നിറുത്താമോ? മുത്തച്ഛൻ ഒരു ശ്രമം നടത്തിനോക്കി.എന്നാൽ കിഷോറിന് വിപരീതമായ ഒരു മറുപടിയല്ലാതെ മറ്റൊരു മാർഗം ഉണ്ടായിരുന്നില്ല.കിഷോർ തലകുനിച്ച് കിച്ചുവിനെ കൂട്ടി കാറിൽ കയറി.കിഷോർ കണ്ണാടിയിലൂടെ ഒരു വട്ടം കൂടി തന്റെ തറവാടിനെയും വൃദ്ധമാതാപിതാക്കളെയും നോക്കി.നിറകണ്ണുകളോടെ വാതിൽപടിക്കൽ നില്ക്കുന്ന അവരെ നോക്കാനോ ,യാത്ര ചോദിക്കാനോ കിഷോർ തയ്യാറായില്ല.കിഷോർ കാർ പതുക്കെ ഓടിക്കാൻ തുടങ്ങി.തന്റെ മകനും ഒന്നും മിണ്ടാതെ തന്റെ അരികിൽ ഒരു ശത്രുവിനെ നോക്കുന്നപ്പോലെ നോക്കി.നിറകണ്ണുകളോടെ നിൽക്കുന്ന മാതാപിതാക്കളുടെ മുഖം മനസ്സിൽ മായാതെ നിന്നു.തന്റെ രസകരമായ ഗ്രാമജീവിതവും,അച്ഛന്റെ കൈപിടിച്ച് നടന്ന ബാല്യവും ഒരു നിമിഷം ആ മുറിവേറ്റ മനസ്സിൽ എത്തി.പടിക്കൽ കാർ നിറുത്തി പുറത്തിറങ്ങിയ കിഷോർ തന്റെ മകന് വാതിൽ തുറന്നു നൽകിയശേഷം പുഞ്ചിരി തൂകിയ മുഖഭാവത്തോടെ ചോദിച്ചു.മോന് മുത്തച്ഛനോടൊപ്പം നിൽക്കണോ? വേണമെന്ന് മറുപടിക്കായി കാത്തുനിൽക്കാതെ കിഷോർ കാർ തിരിച്ചുവിട്ടു.

Alan George VIII

# പ്രകൃതിപാഠങ്ങൾ

സഹജീവികളുടെ സന്ദേശം കേൾക്കാൻ പച്ചക്കുതിരകൾക്കും പുൽച്ചാടികൾക്കും തലകളുടെ വശങ്ങളിൽ ചെവികളില്ല.എന്നാൽ പച്ചക്കുതിരകൾക്കു തന്റെ മുൻകാലുകളിലും പുൽച്ചാടികൾക്കു വയറിന്റെ ഇരുവശങ്ങളിലും ശ്രവണേന്ദ്രിയങ്ങളുണ്ട്.വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നവയാണ് ഈ 'ചെവികൾ'.



കരയിലെ സസ്യങ്ങളിൽ എറ്റവും വേഗത്തിൽ വളരുന്നത് ഏതാണെന്നോ?മുള അഥവാ ഈറ്റ.ഈ വർഗത്തിൽപ്പെട്ട ചിലയിനങ്ങൾ{30 സെന്റിമീറ്റർ}വരെ വളരും.അതായത്, ഒരു മണിക്കൂറിൽ അരയിഞ്ച്{1.27 സെന്റിമീറ്റർ}വളർച്ച.ഈറ്റ വാസ്തവത്തിൽ പുല്ലുകളുടെ കുടുംബത്തിൽപ്പെട്ട സസ്യമാണ്.ഉഷ്ണമേഖലയിലെ നാടുകളിലാണ് ഈറ്റ വളരുന്നത്.അനേകതരം ഈറ്റകളുണ്ട്-ആറിഞ്ച്{15 സെന്റിമീറ്റർ}മുതൽ 130 അടി {40 മീറ്റർ}വരെ ഉയരമുള്ളവ.പത്രക്കടലാസിന്റെ നിർമാണത്തിൽ ഈറ്റ പ്രധാനപ്പെട്ടൊരു അസംസ്കൃതവസ്തുവാണ്.നമ്മുടെ നാട്ടിൽ ഈറ്റ കൊണ്ട് കുട്ടകളും പനമ്പും മറ്റും നിർമിക്കുന്നുണ്ട്.ഓടക്കുഴൽ ഉണ്ടാക്കാനും മുള വേണം.ലോകത്ത് ഏറ്റവും കൂടുതൽ വംശനാശഭീഷണി നേരിടുന്ന ഒരുമൃഗം പാണ്ഡയാണെന്ന് നിങ്ങൾക്കറിയാമായിരിക്കും.ചൈനയിലെ കാടുകളിൽ കാണുന്ന ഈ മൃഗത്തിന്റെ ഏക ഭക്ഷണം ഈറ്റയാണ്.

Ashik Antu
IX

# God's Promise

*oh! lovely Rainbow*
*I love your soft hues*
*you are God's promise*
*you are so dear to me*

*You are the covenant of love*
*After the flood had gone*
*To enhance my faith*
*The glorious new dawn*

*Your fabulous colours of blessing*
*God's mercy care and*
*Love to mankind to the most*
*Make the least*

*God hasn't promised*
*Skies be always blue*
*Flowers bloom gloom*
*Trees always be showered*

*God hasn't promised*
*Sun without light*
*Joy without sorrow*
*Peace without pain*

*God has promised*
*Strength for the day*
*Daily bread for the day*
*Light on the way*

*God has promised*
*Rest for the toil*
*Unfailing sympathy*
*Undying love*

*God's rainbow of promise*
*His promise of love*
*Touching my heart*
*From above*

Harsha Devassy X





**Aleena Joy**
**VIII**





**Anamika ajayan**
**VIII**



# രാമു അമ്മാവനും രണ്ടു കുട്ടികളും

അന്നൊരു വ്യാഴാഴ്ചയായിരുന്നു.രാജനും രവിയും സ്കൂൾവിട്ട് പതിവുപ്പോലെ ഒരു ചെറിയ കാര്യത്തെച്ചൊല്ലി തർക്കമായി .പിന്നെ വഴക്കായി.'ഇതാ പിടിച്ചോ അമ്പതു കിലോയുടെ ഇടി.'രവി രാജന്റെ പുറത്ത് ഒരു ഉഗ്രൻ ഇടി പാസാക്കിക്കൊണ്ടു പറഞ്ഞു.രാജനും വിട്ടില്ല.കരാട്ടെ പോസ്റ്റിൽ ഒരു ചാട്ടം ചാടി അവൻ രവിയുടെ കഴുത്തിന് ഒരു വെട്ട്.വീണ്ടും രവിയുടെ ഊഴം.തല്ലാനും തടുക്കാനും തയ്യാറായി ഇരുവരും പല്ലുകളിറുമ്മി നില്ക്കുകയാണ്.'നിർത്തു,ഈ തെമ്മാടിത്തം.രണ്ടു പേരും മാറി നിൽക്കുക'.പെട്ടെന്ന് ദൃഢമായ ഒരു ശബ്ദം മുഴങ്ങിക്കേട്ടു'ഇതാവസാനത്തെ വഴക്കായിരിക്കട്ടെ '.അത് അവർക്ക് പരിചയമുള്ള രാമു അമ്മാവനായിരുന്നു.അയാൾ അവരെ തുറിച്ചുനോക്കി.കുട്ടികൾ ചലനരഹിതരായി.'എന്റെ കൂടെ രണ്ടു പേരും വേഗംവരൂ 'അയാൾ പറഞ്ഞു.അവരെ റോഡിനരികിൽ കിടന്ന വള്ളത്തിനടുത്തേയ്ക്കു കൊണ്ടു വന്നു അതിന്മേൽ തന്റെ ഇരുവശങ്ങളിലുമായിട്ടിരുത്തി.ഞാനും പണ്ടൊരു വഴക്കാളിയായിരുന്നു. രു വഴക്ക് എന്റെ കൈ ഇപ്രകാരമാക്കി.പൂർണമായി നിവരാത്ത തന്റെ ഒടിഞ്ഞ കൈ കാട്ടിക്കൊണ്ട് അയാൾ പറഞ്ഞു.ഡോക്ടർമാർ ഒത്തിരി ശ്രമിച്ചിട്ടും ഇത് നേരെയാക്കാൻ കഴിഞ്ഞില്ല.എന്റെ അനുഭവം നിങ്ങൾക്കൊരു പാഠമാകട്ടെ.അതുകൊണ്ടാണ് നിങ്ങൾ തല്ലുണ്ടാക്കിയപ്പോൾ ഞാനിടപ്പെട്ടത്.അമ്മാവാ ഈ അനുഭവം പറഞ്ഞുതന്നതിൽ ഞങ്ങൾക്കൊത്തിരി നന്ദിയുണ്ട് .ഞങ്ങളുടെ തെറ്റിനു മാപ്പു തരിക രവി പറഞ്ഞു.എനിക്കും മാപ്പ് രാജൻ.ഇവിടെ മാപ്പിന്റെ പ്രശ്നമൊന്നുമില്ല.മേലിൽ നിങ്ങൾ ശണ്ഠകൂടരുത്.വഴക്കടിക്കുന്നതുക്കൊണ്ട് യാതൊരു മേന്മയുമില്ല.അമ്മാവൻ നിറുത്തി.രാജനും രവിയും അതു ശ്രദ്ധയോടെ കേട്ടു.അതെ രാമു അമ്മാവൻ പറഞ്ഞതു വളരെ ശരിയാണ്.ശണ്ഠകൂടുന്നതുകൊണ്ട് യാതൊരു ഫലവുമില്ല.അതുകൊണ്ട് യാതൊരു നന്മയും കൈവരുന്നില്ല.

Sreedev IX


# ജന്തുലോകത്തെ ഓട്ടപ്പന്തയം



മനുഷ്യന് മണിക്കൂറിൽ 40 കിലോമീറ്റർ വേഗത്തിൽ ഓടാൻ കഴിയുക.തുറസായ സ്ഥലമാണെങ്കിൽ ആനയ്ക്ക് ഇതേ വേഗത്തിൽ ഓടാനാവും.കണ്ടാമൃഗത്തിനു മണിക്കൂറിൽ 50 കിലോ മീറ്റർ വേഗം കിട്ടും.എന്നാൽ ഏറ്റവും വേഗമുള്ള മൃഗമായ പുള്ളിപ്പുലിക്ക് മണിക്കൂറിൽ 110 കിലോമീറ്റർ വേഗത്തിൽ ഓടാൻ വേഷമമില്ല.ഓടാൻ തുടങ്ങുമ്പോൾ തന്നെ 70 കിലോമീറ്റർ വേഗത്തിൽ ചലിക്കാൻ അതിനു കഴിയും.അതിനാൽ ചീറ്റയുടെ പിടിയിൽപ്പെടാതിരിക്കാൻ കാറിൽ കയറി പായുകയെന്നത് എപ്പോഴും ഫലപ്രദമായെന്നുവരില്ല. ചീറ്റയുടെ ഈ വേഗം ചിലപക്ഷികളുടേതുമായി താരതമ്യപ്പെടുത്തുമ്പോൾ തീരെ കുറവാണ്.ഉഷ്ണമേഖലപ്രദേശങ്ങളിലെ കടലുകളിലും ദ്വീപുകളിലും കാണുന്ന ഫ്രിഗേറ്റ് പക്ഷിക്കു മണിക്കൂറിൽ 410 കിലോ മീറ്റർ വേഗത്തിൽ പറക്കാനാവും.ഇവയുടെ അസ്ഥികൾക്കു തീരെ കനംക്കുറവാണ്.രണ്ടു ചിറകുകൾക്കും കൂടി മൂന്നു മീറ്റർ നീളം വരും.മത്സ്യങ്ങളിൽ ഏറ്റവും വേഗമുള്ളത് ഉഷ്ണമേഖലയിലെയും സമശീതോഷ്ണ മേഖലയിലെയും മഹാസമുദ്രങ്ങളിലുമുള്ള സ്വോർഡ്ഫിഷാണ്.പതിനഞ്ച് അടിവരെ നീളവും 70 മുതൽ 450 വരെ കിലോ ഗ്രാം ‌ തൂക്കവുമുള്ള ഈ വൻ മത്സ്യത്തിന്റെ മുൻഭാഗത്തെ വാൾ പോലെയുള്ള അവയവംഅതിശക്തമാണ്.ചീറ്റയുടെ വേഗത്തോടു അടുത്തു നിൽക്കുന്ന ഈ മത്സ്യത്തിന്റെ വേഗം മണിക്കൂറിൽ 108 കിലോമീറ്ററത്രേ.മനുഷ്യനു ജലത്തിൽ പരമാവധി 6.5 കിലോമീറ്റർ മാത്രമാണു വേഗം.ഇനി ഒച്ചിന്റെ വേഗം കൂടി പറയാം.മണിക്കൂറിൽ 0.00579208 കീലോമീറ്റർ വേഗത്തിലാണ് ഒച്ച് ഇഴയുന്നത്.

Pranav Shaji IX

# ഒരു ജാതി, ഒരു മതം, ഒരു ദൈവം



ജാതിഭേതമോ മതദ്വേഷമോ കൂടാതെ എവരും സഹോദരങ്ങളെ പോലെ മാതൃകാസ്ഥാനമായി സമൂഹത്തെ മാറ്റാൻ പരിശ്രമിച്ച സന്യാസി ശ്രേഷ്നായിരുന്നുശ്രീനാരാണഗുരു. അധഃകൃതവഗോദ്ധാരണം മാത്രമായിരുന്നു ശ്രീനാരായണഗാരുവിന്റെ ലക്ഷ്യം മനുഷ്യജാതിയെന്ന വിശ്വവിപലമായ ആശയത്തിന്റെ പ്രാഥമവതാരകനായിരുന്നു ഗുരു ദേവൻ ശ്രമിച്ചത്

സഹസ്രാബ്ദങ്ങളായി നിലനിന്ന മൂഢാചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും ധീരതയോടെ ധ്വംസിച്ച് സമൂഹികജീമിതത്തിൽ വിപ്ലവം സൃഷ്ടിച്ച ഉല്പതിഷ്ണു യുക്തിപൂർവവും എല്ലാ മതപ്രമണതയെയും തത്തസംഹിതയെയു നിരൂപണം ചെയ്ത സ്വതന്ത്രചിന്തികൻ എന്നീ നിലകളിൽ ശ്രീനാരായണഗുരു ശോഭിച്ചു നിൽക്കുന്നു.

മറ്റു മതാചാര്യന്മാരെപോലെ ആദ്ധ്യാത്മികതയെയും ഭൗതികതയെയും വേർതിരിച്ചു കാണിച് രണ്ടമത്തെതിനെ നിസ്സാരമായി കണക്കാക്കാൻ ഗുരു ഒരിക്കലും മുതിർന്നില്ല. രണ്ടും ജീവിതത്തിന്റ അവിഭാജ്യഘടകങ്ങളും സമപ്രധാനങ്ങളുമാണെന്ന തത്വമണ് ഗുരു ദർശിച്ചത്. ഗുരു മനുഷ്യന്മയ്ക്കാണ് പ്രാധാന്യം നൽകിയത് ആ നന്മയ്ക്ക മതം അവിശ്യമില്ലന്ന ധ്വനി കുടി അദ്ധേഹതതിന്റ ചിന്തയിലുണ്ട്.മറ്റു മതപ്രചാരകന്മാർ സ്വന്തം മതത്തിൽ ഒതുങ്ങി നിന്നപ്പോൾ ശ്രീനാരായണ ഗുരു മതനദികൾ ഒന്നിച്ചുചേരുന്ന ഒരു

മഹാസമുഗ്രത്തെ കുറിച്ചാണ് സംസാരിച്ചത്. മതാതീതനായ തത്ത്വജ്ഞാനികൂടിയായിരുന്ന ശ്രീനാരയണഗുരു.

മതമേതായാലും കൊള്ളാം മനുഷ്യൻ നന്നായാൽ മതി എന്നമഹാവാക്യത്തിൽ മനുഷ്യനന്മയ്ക്കാണ് പ്രാധാന്യം എന്നും മനസ്സിലാക്കാം അവിടെ മതം അപ്രസക്തമകുന്നു. ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന് എനന മഹത്ത്വവിപുലമായ സന്ദേശവും മനുഷ്യന് പ്രാധാന്യം നൽകുന്നതാണ്. മൃഗങ്ങൾക്ക്പോലും അവനവന്റ ജാതിതിരിച്ചറിയാൻ സാധിക്കും. എന്നാൽ വിപേചന ശേഷി ഏറെയുള്ളമനുഷ്യർക്ക് മനുഷ്യജാതി ഒന്നെയൊള്ളു എന്നത് തിരിച്ചയാനുള്ള ശക്തയല്ല എനനാണ് പറഞ്ഞത്.

മനുഷ്യർ ഒരു ജാതിയാണ് . അവരുടെയിടയിൽ സ്ഥിതിഭോതമില്ലാതെ ജാതിഭേതം ഇല്ല എന്ന് ഉറച്ചവിശ്വാസിച്ച ശ്രീനാരായണഗുരു.പമം,വിദ്ധ്യഭ്യാസം നിറം തുടങ്ങിയ വ്യത്യാസങ്ങളില്ലാതെ മനുഷ്യർകിടയിൽ മറ്റു വ്യത്യാസങ്ങളൊന്നുമില്ല ആവർത്തിച്ചുറപ്പിച്ചക്കുന്നതായിരുന്നു ഗുരുവിന്റ വാക്കുകളും പ്രവർത്തിക്കളും

ലോകത്തിൽ എല്ലാമതങ്ങളുടെയും സാരം ഒന്നുത്തന്നെയാണെന്ന് അദ്ദേഹം ഉറച്ചിശ്വസിച്ച് ജീവിതമാർഗ്ഗദർശിയായിമാറി ഇന്നു വിളങ്ങി നിൽക്കുന്നു

Nayan v.s

X

# രോദനം

സർവ്വജ്ഞാനവു ശാസ്ത്രബോധവു
കർമ്മമാർഗ്ഗങ്ങൾ സാധ്യായ!
സർവ്വസിദ്ധിയും ശാസ്ത്ര നേട്ടവും
ധർമ്മ സംസ്ഥാവനാർഥായാ!

ശാസ്ത്രം ജീവനും രക്ഷയായ്
ഭൂവിന്നാശ്വാസമായ്
ആൽഫ്രഡ്നോബലും കണ്ടുപോയ്
മനോരാജ്യ സ്വപ്നമായ്......

അനുഗ്രഹമാകേണ്ടറിവുകൾ
നിഗ്രഹിച്ചീടുന്നു ജീവനെ
വരണ മാലകൾ ചാർത്തി
പരിണയിച്ചില്ലെങ്കിൽത്തന്നെയും

Christy Sajan
IX




***<u>അ</u>***

അടി കൊണ്ട വിദ്യയേ അരങ്ങത്തുള്ളൂ.

***<u>ആ</u>***

ആരാന്റെ പല്ലിനെക്കാൾ അവനവന്റെ ഊന്നു നല്ലത്.

***<u>ഇ</u>***

ഇടവപ്പാതി കഴിഞ്ഞാൽ ഇടവഴിയിലും വെള്ളം.

***<u>ഈ</u>***

ഈശനെയും ബ്രഹ്മനെയും വക വെയ്ക്കാത്തവൻ.

***<u>ഉ</u>***

ഉണ്ണുന്നവൻ അറിഞ്ഞില്ലെങ്കിൽ വിളമ്പുന്നവനറിയണം

***<u>ഊ</u>***

ഊതിക്കുടിക്കാൻ കഞ്ഞിയില്ല, ഊറ്റം കൊണ്ടു പൊറുതിയില്ല .

***<u>ഋ</u>***

ഋണത്താൽ മൈത്രികെട്ടിടും.

***എ***
എട്ടുത്തു ചാടിയ പൂച്ച എലിയെ പിടിക്കില്ല.

***ഏ***
ഏറെച്ചിരിച്ചാൽ  ഊറിക്കരയും.

***ഐ***
ഐക്യമത്യം മഹാബലം.

***ഒ***
ഒന്നായിരുന്നാലും നന്നായിരിക്കണം.

***ഓ***
ഓലയിൽ വരച്ചതും മായും.
ഓർമ്മയിൽ വരച്ചത് മായില്ല.

# കടങ്കഥകൾ

1. അക്കരെ നില്ക്കും കൊമ്പൻകാളയ്ക്ക്
   അറുപത്തിരണ്ടു മുടിക്കയറ്.
2. ഇന്നാള കണ്ട വെള്ളിത്തളിക
   ഇന്നേക്കൊരു തേങ്ങാപ്പൂളായ്
3. എല്ലാ കാളയ്ക്കും മണ്ടയ്ക്കു കൊമ്പ്
   വെള്ളക്കാളയ്ക്കു പള്ളയ്ക്കു കൊമ്പാ.
4. കാലിൽ പിടിച്ചാൽ തോളിൽക്കേറും.
5. കുറ്റിക്കാട്ടിൽ സിംഹക്കുട്ടി

## ഉത്തരങ്ങൾ

1. മത്തത്തണ്ട്
2. ചന്ദ്രൻ
3. കിണ്ടി
4. കുട
5. പേൻ

Ayana Babu IX

# Science:-A Menace For Humanity

This is an age of science. Science has changed the face of the world. It gives electricity,electronics,telephone, aeroplane and several other things for the pleasure and comfort of man. It has minimised the sufferings and increased the happiness of man.

Science has become a curse to humanity today.

The evils that it has showered on man wash away its advantages. Science is responsible for wars and deadly modern weapons like long range remote controlled and radar guided missiles, poisonous gases, biological weapons, atom bomb, hydrogen bomb and neutron bomb that can destroy the whole world of the world population and the world in few seconds only .Such weapon are amassed by the developed nations in large numbers.

Science has made man selfish greedy and jealous . Science has robbed away the peace of mind . If has affected our social life very badly . Man became materialistic .

Nuclear energy created by science has become a menace today.

The nuclear power plants pose a very serious danger.

. Arms race and nuclear explosions are polluting the atmosphere. The world is threatened with radiation hazard. Dreaded diseases like cancer and spreading due to nuclear and other chemical pollution. Thousands of bombs move around the earth in artificial satellites. If they explode in space the ozone layer would be disturbed and the earth would suffer form direct radiation from the sun. Ozone holes are formed due to certain chemicals used in the manufacture of plastic goods. The smoke and pollution left by big industries is spoiling the whole atmosphere. The poisonous gas let out by industries would ultimately pollute the ocean and kill the living organisms there.

Today any work can be done by mechanics.

Thus,industrialization and mechanisation brought urbanisation, unemployment and unequal division of wealth. Manual labour is forgotten with the increased use of machines.So dear friends

Anchal Babu X




Abiya baiju x

# E-WASTE ഒരു ന്യൂജെൻ വില്ലൻ



ഇലക്ട്രോണിക്ക് സാങ്കേതിക വിദ്യയുടെ വളർച്ചയിൽ നാം അഭിമാനിക്കുമ്പോഴും അതിലെ നൂതന സാങ്കേതിക വിദ്യകൾ മതിമറന്ന് ആസ്വദിക്കുമ്പോഴും നമുക്ക് ചുറ്റും വളർന്നുവരുന്ന മഹാ വിപത്ത് നാം തിരിച്ചറിയേണ്ടിയിരിക്കുന്നു.എന്തിന്റെ മുമ്പിലും ഇ ചേർത്തു വിളിക്കാൻ ഇഷ്ടപ്പെടുന്ന ന്യൂ ജനറേഷൻ ഈ വിപത്തിനെയും ഇ ചേർത്തു വിളിക്കുന്നു.ഇ-വേസ്റ്റ് അഥവാ ഇ-മാലിന്യം നാം ഉപയോഗിച്ച മതിയാക്കി ഉപേക്ഷിക്കുന്ന ഇലക്ട്രോണിക്ക് ഉപകരണങ്ങൾ നിരുപദ്രവകാരികളാണെന്നു കരുതുന്നുണ്ടെങ്കിൽ നിങ്ങൾക്കു തെറ്റി.പരിസ്ഥിതിയുടെയും മാനവരാശിയുടെയും

തന്നെ അന്തകനായി മാറാൻ ഇവയ്ക്കു സാധിക്കും.ഉപയോഗശേഷമോ അല്ലാതെയോ ഉപേക്ഷിക്കപ്പെടുന്ന,വൈദ്യുതിയിൽ പ്രവർത്തിക്കുന്ന ഉപകരണങ്ങളെയും അതിന്റെ അനുബന്ധവസ്തുക്കളെയും ഇ-മാലിന്യം എന്നുപറയാം.കമ്പ്യൂട്ടർ,മോണിറ്റർ, കീബോർഡ്, മൗസ് ,പ്രിന്റർ ,ടെലിവിഷനുകൾ, ഫോണുകൾ,ഐപോഡുകൾ തുടങ്ങിയ ഇലക്ട്രോണിക് ഉപകരണങ്ങളെല്ലാം ഉപയോഗശൂന്യമായാൽ അത് ഇ-മാലിന്യമാണ്.ഇ-മാലിന്യങ്ങളിൽ ധാരാളം വിഷവസ്തുക്കൾ അടങ്ങിയിട്ടുണ്ട്.ക്യാൻസർ പോലുള്ള മാരക രോഗത്തിലേയ്ക്കും കിഡ്നി, തലച്ചോറ്, നാഡികൾ തുടങ്ങിയവയുടെ പ്രവർത്തനത്തെ ബാധിക്കുന്ന മറ്റ് വിവിധരോഗങ്ങളിലേയ്ക്കും നമ്മെ കൈപിടിച്ചു നടത്താൻ ഇവയ്ക്കു സാധിക്കും.ഡിജിറ്റൽ ഇന്ത്യ എന്ന സ്വപ്നത്തിലേക്ക് കുതിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ രാജ്യവും ഈ വിഷയങ്ങളിലേക്ക് അടിയന്തര ശ്രദ്ധ തിരിക്കേണ്ടിയിരിക്കുന്നു.



ALAN GEORGE
VIII

# മനുഷ്യനും പ്രകൃതിയും



മനുഷ്യനും പ്രകൃതിയും ഒരു നാണയത്തിന്റെ ഇരു വശങ്ങളാണ്. ആധുനിക മനുഷ്യർക്ക് പ്രകൃതി സ്നേഹവും സഹജീവിസ്നേഹവും കുറഞ്ഞു വരുന്ന കാഴ്ചയാണ് ഇന്നെവിടെ നോക്കിയാലും കാണാൻ കഴിയുക.പ്രകൃതിയോടിണങ്ങി ജീവിച്ച് പഴയതലമുറ ഇന്ന് വെറും ഓർമകൾ മാത്രം.തലമുറകൾ കൈമാറി ലഭിച്ച ഭൂമി തലമുറകൾക്ക് കൈമാറാനുള്ളതാണ്. അതിനായി ഈ പ്രകൃതിയെ സംരക്ഷിക്കേണ്ട കടമനമുക്കോരോരുത്തർക്കുമുണ്ട്. പ്രകൃതിയിലെ അനേകം ജീവജാലങ്ങളിൽ ഒന്നുമാത്രമാണ് മനുഷ്യൻ. എന്നാൽ പ്രകൃതിയില്ലാതെ മനുഷ്യനില്ല.മനുഷ്യനും പ്രകൃതിയും


പാരസ്പര്യത്തോടെ പുലരേണ്ടവരാണ്. കാർഷിക വൃത്തിയിലൂടെ ലളിതജീവിതത്തിലൂടെ പ്രകൃതിയോട് ചേർന്ന് ജീവിച്ചവരായിരുന്നു നമ്മുടെ പഴയതലമുറ. അനുകൂലമായ കാലാവസ്ഥയും സമൃദ്ധമായ വിളവും നൽകി പ്രകൃതിയും അവരോട് ചേർന്ന് നിന്നു. എന്നാൽ ആവശ്യങ്ങളേക്കാൾ അത്യാർത്തിക്കും ആഡംബരത്തിനുമായി പ്രകൃതി വിബവങ്ങളെ ഉപയോഗിച്ച് ആധുനിക തലമുറയുടെ വിവേകശൂന്യമായ പ്രവൃത്തികളുടെ ഫലമായി പരിസ്ഥിതി നാശത്തിന്റെ ഭയപ്പെടുത്തുന്ന അടയാളങ്ങൾ ഇന്ന് നമ്മെ വലയം ചെയ്തിരിക്കുന്നു. വികസനത്തിന്റെ പേരിൽ മലയിടിച്ചും മണലൂറ്റിയും വയൽ നികത്തിയുമൊക്ക പ്രകൃതിയുടെ സന്തുലിതാവസ്ഥ താളം തെറ്റിച്ചതിന്റെ ദൂഷ്യഫലങ്ങൾ  നാം ഇന്ന് നേരിട്ട് അനുഭവിച്ച് തുടങ്ങിയിരിക്കുന്നു.  കാലം തെറ്റി പെയ്യുന്ന മഴയും കടുത്ത വേനലുമൊക്കെ ചില ഉദാഹരണങ്ങൾ മാത്രം.  നാം വസിക്കുന്ന ഭൂമിയെ സംരക്ഷിക്കുക അവന്റെ തന്നെ ഉത്തരവാദിത്വമാണെന്നും അതനുസരിച്ച് ജാഗ്രതയോടെ പ്രകൃതിയോട് ബന്ധപ്പെടാനും അതിനെ വിനിയോഗിക്കാനും. സംരക്ഷിക്കാനും ശ്രമിക്കുമ്പോൾ മാത്രമേ അവന്റെ തന്നെ ജീവിതം സൗഭാഗ്യകരമാകു.പ്രകൃതി വിഭവങ്ങൾക്കു ചില പരിധിയുണ്ട്. അവയിൽ ചിലത് പുതുക്കാനാവില്ല. അതുകൊണ്ട് ദീർഘവീഷണമില്ലാതെ ഉപയോഗിച്ചാൽ ഈ തലമുറയ്ക്കു മാത്രമല്ല് വരും തലമുറയ്ക്കും അവ ലഭിക്കാതെ വരും.അത് അവരോട് ചെയ്യുന്ന വലിയ അനീതിയാണ്.മനുഷ്യന്റെ സ്വാർത്ഥപരമായ ആവശ്യങ്ങൾക്കുവേണ്ടി പ്രകൃതിയെ ക്രമാതീതമായി

ചൂഷണം ചെയ്യാനും കീഴടക്കാനും ശ്രമിക്കുന്തോറും പരിസ്ഥിതി പ്രതിസന്ധി വർദ്ധിക്കുകയും അത് മനുഷ്യ ജീവന്റെ നിലനിൽപ്പിനു തന്നെ ഭീഷണിയാവുകയും ചെയ്യും. മരങ്ങൾ വച്ചുപിടിപ്പിക്കുക, നീർത്തട സ്രോതസ്സുകളെ പുനർജീവിപ്പിക്കുക,മഴവെള്ള സംഭരണികൾ സ്ഥാപിക്കുക , മഴക്കുഴികൾ സ്ഥാപിക്കുക,കുളങ്ങൾ തോടുകൾ എന്നിവ ശുദ്ധീകരിക്കുക.ജൈവകൃഷിയും കുടുംബകൃഷിയും പ്രോത്സാഹിപ്പിക്കുക,മാലിന്യ നിർമാർജനത്തിന് പരിസ്ഥിതി സംസ്കരണ പ്ലാന്റുകളുടെ പദ്ധതികളും നടപ്പിലാക്കുക,ഊർജനിർമാണത്തിനായി കാറ്റാടിയന്ത്രങ്ങളോടൊപ്പം സൂര്യതാപം ഉപയോഗിക്കുന്ന സോളാർ പ്ലാന്റുകൾ പ്രചരിപ്പിക്കുക,സാധിക്കുന്നിടത്തോളം പുനരുപയോഗവും പുനർചംക്രമണവും ജീവിതശൈലിയാക്കുക തുടങ്ങിയ വ്യത്യസ്ത പ്രവർത്തനങ്ങളിലൂടെ പരിസ്ഥിതി പ്രശ്നങ്ങൾ ലഘൂകരിക്കാനും പ്രകൃതിയുടെ സുസ്ഥിതി വളർത്തുവാനും സാധിക്കും.

Pooja Ravi IX

# TRIBUTE TO Kalpana Chawla

**(March 17, 1962 – February 1, 2003)**



**“Kalpana Chawla was an American astronaut and the first female of Indian origin to go to space.”**

**Saniya jayan**
**VIII**

# കരയാനൊരു മുറി



ക്ലാസിലിരിക്കുമ്പോൾ സങ്കടം
വന്നാൽ, ഉറക്കെ ഒന്നു കരയാൻ
തോന്നിയാൽ എന്തു ചെയ്യും?
ഉട്ടാസർവകലാശലയിലാണെങ്കൽ
സൗകര്യമുണ്ട്. വിദ്യാർത്ഥികൾക്കായി
അവർ ഒരു ക്രൈ ക്ലോസറ്റ് സജ്ജീ
കരിച്ചിരിക്കുന്നു. ക്യാംപസ് ലൈബ്ര
റിയോടു ചേർന്നാണ് ഈ സ്വകാര്യ
മുറി. സങ്കടം  വന്നാൽ ആ ക്ഷണം
അവിടെച്ചെന്ന് പൊട്ടിക്കരയാം.
ആരുമറിയില്ല, നിലവിളി കഴിഞ്ഞാൽ
നമ്മുടെ മനസ് ശുദ്ധമാകുകയും ചെയും.
പത്തു മിനിറ്റ് കരച്ചിൽ അനുവദിച്ചിട്ടുള്ള
സമയപരിധി.

Abhijith Sunil IX

# BE POSITIVE

Clouds come floating into my life,no longer to carry rain or urher storm, but to add colour to my sunset sky.

Rabindranath Tagore

2. The best and most beautiful things in the world cannot be seen or even touched the must be felt with the heart.

Helen Keller.

3. The best preparation for tomorrow is doing your best today.

H. Jackson Jr.

.4. Put your heart, mind and soul into even your smallest acts. This is the secert of success.

Swami Vivekananda

5. It is during our darkest moment that we must focus to see the light.

Aristotle

**Soya Sabu** IX




# മരംവെട്ടുകാരനും കടുവയും

പണ്ടുപണ്ട് റഷ്യയിലെ ഒരു ഗ്രാമത്തിൽ പാവപ്പെട്ട ഒരു മരംവെട്ടുകാരനുണ്ടായിരുന്നു. ഒരു ദിവസം അയാൾ മരംവെട്ടിക്കൊണ്ടിരിക്കുമ്പോൾ ഒരു കടുവ അടുത്തെത്തി.കടുവ മരംവെട്ടുകാരനോട് പറഞ്ഞു: "ഞാൻ ചോദിക്കുന്ന ചോദ്യങ്ങൾക്കു കൃത്യമായി ഉത്തരം പറഞ്ഞില്ലെങ്കിൽ നിന്നെ ഞാൻ കടിച്ചു കീറിത്തിന്നും". കടുവ പറഞ്ഞതുകേട്ട് മരംവെട്ടുകാരൻ ഭയന്നു. കടുവ ചോദിച്ചു : "മരംവെട്ടുകാരാ, എന്നെക്കണ്ടാൽ എങ്ങനെയുണ്ട്?" "കടുവച്ചേട്ടാ, താങ്കളെ കണ്ടാൽ നല്ല ഭംഗിയുണ്ട്." മരംവെട്ടുകാരൻ അങ്ങനെ പറഞ്ഞപ്പോൾ കടുവയ്ക്കു വളരെ സന്തോഷമായി. "എന്നാൽ ഇനി പറയൂ. എന്റെ കണ്ണു കണ്ടാൽ എങ്ങനെയുണ്ട?" കടുവയെ സന്തോഷിപ്പിക്കാൻനായി മരംവെട്ടുകാരൻ പറഞ്ഞു. "കടുവച്ചേട്ടാ,താങ്കളുടെ കണ്ണു കണ്ടാൽ താമരപ്പൂപോലുണ്ട്." കടുവയ്ക്കുണ്ടായ സന്തോ◌ം പറയാൻവയ്യ. "എന്നാൽ എന്റെ മണം എങ്ങനെയുണ്ട്?" "കൊള്ളാം ചേട്ടാ. നല്ല ചന്ദനത്തിന്റെ മണമാണ് ." സന്തോഷവാനായ കടുവ ഉടൻ തന്റെ ഗുഹയിൽ പോയി, സൂക്ഷിവച്ചിരുന്ന ഒരു കിഴി സ്വർണ്ണനാണയങ്ങൾ മരംവെട്ടുകാരനു കൊടുത്തു. സ്വർണ്ണക്കിഴിയുമായി മരംവെട്ടുകാരൻ വീട്ടിലെത്തി. കടുവ, സ്വർണ്ണക്കിഴികൊടുത്ത കാര്യം മരംവെട്ടുകാരൻ ഭാര്യയോടു പറഞ്ഞു. മരംവെട്ടുകാരന്റെ ഭാര്യ അയൽക്കാരനായ അലക്കുകാരന്റെ ഭാര്യയോട് ഈ വിവരം പറഞ്ഞു. മരംവെട്ടുകാരനു സ്വർണ്ണനാണയക്കിഴി കിട്ടിയകാര്യം അലക്കുകാരനും അറിഞ്ഞഅലക്കുകാരൻ ഒരു പണക്കൊതിയനായിരുന്നു. ദുഷ്ടനായ അയാൾ, തുണി അലക്കാൻ അമിതമായ കൂലി വാങ്ങിയിരുന്നു. അലക്കുകാരൻ താൻ വളർത്തുന്ന കഴുതയെയുംകൊണ്ട് കടുവയെക്കാണാൻ കാട്ടിലെത്തി. കഴുത കരയുന്നത് കേട്ടു കടുവ ഓടിയെത്തി. ഓരു മനുഷ്യനെയും കഴുതെയും കടുവ കണ്ടു. തന്നെ കണ്ടിട്ടും ഒരു

ഭയവുമില്ലാതെ നിൽക്കുന്ന മനുഷ്യനെക്കണ്ട് കടുവയ്ക്ക് ദേശ്യം വന്നു. കടുവ ചോദിച്ചു; "നീയാരാണ് ? എന്തിനീ കാട്ടിൽ വന്നു?" "ഞാൻ ഒരു അലക്കുകാരനാണ്.മരം വെട്ടുകരനു കെടുത്ത പോലെ ഒരു സ്വർണ്ണനാണയക്കിഴി എനിക്കും തരണം. പകരം, ഞാൻ വളർത്തുന്ന ഈ കഴുതയെ കടുവ ചേട്ടന് തിന്നാൻ തരാം." മരംവെട്ടുകാരനു സ്വർണ്ണനാണയക്കിഴി കിട്ടിയതറിഞ്ഞ് ആർത്തിയോടെ വന്നതാണല്ലേ? നിന്നെ ഞാൻ കാണിച്ചുതരാം." ഇങ്ങനെ മനസിലോർത്തുകൊണ്ട് കടുവ പറഞ്ഞു:

"ദേ, അതാണെന്റെ ഗുഹ. നീ പോയി ഒരു സ്വർണ്ണനാണയക്കിഴി ആ ഗുഹയിൽ നിന്നെടുത്തോളൂ." അലക്കുകാരൻ ഗുഹയിൽ ചെന്നു. അവിടെ ധാരാളം സ്വർണ്ണനാണക്കിഴികൾ അയാൾ കണ്ടു . എല്ലാ സ്വർണ്ണനാണക്കിഴികളും അലക്കുകാരൻ ഒരു സഞ്ചിയിൽ വാരിയിട്ടു. ഈ സമയം കടുവ അവിടെയത്തി.

"എല്ലാ കിഴിയും എടുക്കാൻ നിന്നോടാരു പറഞ്ഞു?" കടുവ ദേശ്യത്തോടെ ചോദിച്ചുകൊണ്ടലറി.

"ഇതെല്ലാം എനിക്കു വേണം." അലക്കുകാരൻ തന്റെ അരയിൽ വെട്ടുകത്തിയടുത്തു കടുയെ വെട്ടക്കൊല്ലാൻ തയാറയി.

"ദുഷ്ടാ, ഇനി നീ ഈ ഗുഹയിൽ നിന്നു ജീവനോടെ തിരിച്ചുപോകില്ല."

കടുവ ഇങ്ങനെ പറഞ്ഞുകൊണ്ട് അലക്കുകാരന്റെ മേൽ ചാടി വീണു. അക്കുകാരൻ വെട്ടുകത്തി ആഞ്ഞുവീശി. അലക്കുകാരന്റെ ആ കൈ കടുവ കടിച്ചെടുത്തു. അയാൾ ഉറക്കെ കരഞ്ഞു. കടുവ അയാളെ കടിച്ചു കീറി തിന്നു കടുവയുടെ വായിൽപ്പെടാതെ കഴുത ഓടി രക്ഷപ്പെട്ടു. സ്വർണ്ണക്കിഴി കിട്ടാൻവേണ്ടി ആർത്തിയോടെ വന്ന അലക്കുകാരൻ കടുവയുടെ വയറ്റിലുമായി!

Joyal Joy X


# ഉൾച്ചേരൽ വിദ്യാഭ്യാസത്തിന്റെ ആവശ്യകതയും സാമൂഹിക പങ്കാളിത്തവും

ഇന്ന് ലോകം വികസിക്കുകയാണ്.അതോടൊപ്പം തന്നെ അറിവിന്റെ ലോകവും.ഈ അറിവിന്റെ ലോകത്തേക്ക് എത്തിച്ചേരാൻ കഴിയാത്ത കുട്ടികളെയും കൂടി അതിലേക്ക് ഉയർത്താൻ വേണ്ടി ഇന്ന് ഒട്ടേറെ പ്രവർത്തനങ്ങൾ പൊതുവിദ്യാഭ്യാസ കേന്ദ്രങ്ങൾ ഇന്ന് സ്കൂളിൽ എത്തിക്കുന്നുണ്ട്.ഒരു വിദ്യാലയത്തിൽ 500 കുട്ടികളുണ്ടെങ്കിൽ അതിൽ 500 പേർക്കും ഒരു പോലെ തന്നെ അറിവിന്റെ വെട്ടം പകരുവാൻ ഇതുപ്പോലെയുള്ള പദ്ധതികൾ സഹായിക്കുന്നതാണ്.ഗവൺമെന്റ് ഇതുപ്പോലെയുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുമ്പോൾ സമൂഹത്തിലെ എല്ലാവർക്കും അതിൽ പങ്കാളിത്തമുണ്ടാകണം.എന്നാൽ മാത്രമാണ് ഇതുപ്പോലെയുള്ള പദ്ധതികൾ കുട്ടികൾക്ക് പ്രയോജനപ്പെടുകയും.വിജയം കൈവരിക്കുകയും ചെയ്യൂ.എല്ലാ കുട്ടികളെ ഒരുപ്പോലെ തന്നെ വളർത്തുന്നതിനും അവരുടെ അറിവ് കൂട്ടുന്നതിനും ഇന്ന് നിരവധി നല്ല പദ്ധതികൾ സ്കൂളിൽ നിലവിൽ വന്നുകൊണ്ടിരിക്കുന്നു.അതിന്റെ പരിതിയിൽ വരുന്നതാണ് ശ്രദ്ധ ഇങ്ങനെയുള്ളവർക്കുവേണ്ടി ചുമതല വഹിക്കുന്ന അദ്ധ്യാപകരുടെ സന്നദ്ധസേവനം മലയാളതിളക്കം

തുടങ്ങിയ പദ്ധതികൾ ഉൾച്ചേരൽ വിദ്യാഭ്യാസം കൊണ്ട് അർത്ഥമാക്കുന്നത് .ഭിന്നശേഷിക്കാരായ കുട്ടികളെ എന്നുപറഞ്ഞാൽ താരതമേന്യ മറ്റു കുട്ടികളെ വച്ചു നോക്കുമ്പോൾ പഠിക്കാൻ കഴിയാത്ത കുട്ടികളെയും പഠിക്കാൻ കഴിയുന്നവരുമായി ഇരുത്തി പഠിപ്പിക്കുന്നതിനുള്ള പദ്ധതിയാണിത്.തങ്ങളെ മറ്റുള്ളവരിൽ നിന്ന് മാറ്റിനിറുത്തുന്നു എന്ന തോന്നൽ കുട്ടികളിൽ ഉണ്ടാകാതിരിക്കാൻ ഇത് വളരെയധികം പ്രയോജനപ്പെടും എന്നതിൽ സംശയമില്ല.മറ്റുള്ളവരെയും കൂടി പരിഗണിച്ച് പ്രവർത്തിക്കുമ്പോഴാണ് ജീവിതം കൂടുതൽ ധന്യമാകുന്നത് എന്ന് നാം കേട്ടിട്ടുണ്ടല്ലോ? സഹപാഠികൾ കഴിഞ്ഞാൽ കുട്ടികൾ ആശ്രയിക്കുന്നത് അറിവിന്റെ ലോകം കൊടുക്കുന്ന ഗുരുവിനെയായിരിക്കും.അദ്ധ്യാപകരുടെ സ്നേഹവും നല്ല ശ്രദ്ധയും അവർക്ക് കൊടുക്കുകയും മറ്റുള്ളവരെപ്പോലെ എത്തിച്ചേരാൻ ആവശ്യമായ പിന്തുണ നല്കുകയും ചെയ്യണം. സഹപാഠികളുടെയും അദ്ധ്യാപകരുടെയും സാന്നിദ്ധ്യം കഴിഞ്ഞാൽ അവർക്ക് ഏറ്റവും കൂടുതൽ സ്നേഹം ലഭിക്കുന്നവരിലാണ് അവർ ആശ്രയിക്കുന്നത്.അവരുടെ സ്വന്തം അച്ഛനമ്മമാർ.അതുകൊണ്ട് അവരെ വീട്ടിൽ ഇരുത്തി നന്നായി സഹായിക്കുകയും ചെയ്താൽ തീർച്ചയായും നിങ്ങളുടെ മക്കൾ മറ്റുള്ളവരെപ്പോലെ വളരും.മറ്റുകുട്ടികളുടെ രക്ഷിതാക്കളുടെ അഭിപ്രായമാണ് ഈ സംരഭം നിലനിൽക്കുന്നതിലെ സുപ്രധാന ഘടകം.സ്വന്തം മക്കളുടെ കൂടെ ഇരുന്ന് പഠിക്കാനുള്ള യോഗ്യത അവർക്ക്

ഇല്ലെന്ന് പറഞ്ഞ് അവരെ അയോഗ്യരാക്കുമ്പോൾ നാം ഒന്ന് ചിന്തിക്കുക .സ്വന്തം സുഖം നോക്കി ജീവിക്കുന്നവർ സ്വാർത്ഥരാണ്.സമൂഹം എന്നത് ഒരു വ്യക്തിയുടെ വളർച്ചയിൽ സുപ്രധാനമായ ഒരു പങ്കുവഹിക്കുന്ന ഘടകമാണ്. സമൂഹത്തിലെ ആളുകൾ ഒന്നടങ്കം പരിശ്രമിച്ചാൽ ഈ പദ്ധതി വിജയിക്കും.ഗവൺമെന്റ് ഈ കുട്ടികൾക്കാവശ്യമായ എല്ലാ സഹായങ്ങളും നല്കണംസഹപാഠികൾമാതാപിതാക്കൾ ,ഗുരുഭൂതർ,മുനിസിപ്പാലിറ്റി,പഞ്ചായത്ത്,വിദ്യാഭ്യാസ വകുപ്പ്,വിദ്യാലയത്തിലെ അഭ്യുദയകാംക്ഷികൾ,സ്കൂൾ പി. റ്റി. എ എന്നിവർ സഹകരിച്ച് പ്രവർത്തിക്കേണ്ടിയിരിക്കുന്നു.നമ്മുടെ സ്കൂളിലെ എല്ലാവരെയും ഒരുപ്പോലെ കാണാൻ എല്ലാ മേഖലകളിലും അവർ ഒന്നുപ്പോലെ തിളങ്ങാൻ അവരെ ഉന്നതിയിലെത്തിക്കാൻ നമുക്ക് എല്ലാവർക്കും ഒന്നായി സഹകരിക്കാം.ഉൾച്ചേരൽ വിദ്യാഭ്യാസത്തിന്റെ എല്ലാതലങ്ങളിലും സാമൂഹിക പങ്കാളിത്തവും സഹകരണവും പിന്തുണയും കൂടെയുണ്ടെങ്കിൽ കുട്ടികൾ പ്രതീക്ഷയ്ക്ക് അതീതമായി വിജയം കൈവരിക്കുക തന്നെ ചെയ്യും.

Terman Babu IX



ABHINAV.B X



Abhirami T.S VIII

# 2018 നാൾ വഴികളിലൂടെ....









ലോക പരിസ്ഥിതി ദിനം
സെന്റ് ജോസഫ് HSS കിടങ്ങൂർ
ജൂൺ 5


Water is precious
save water save life
and




വായനാവാരം






ജൂൺ 26 ലഹരി വിരുദ്ധ ദിനം












സെന്റ് ജോസഫ്സ്
ഹയർ സെക്കന്ററി സ്ക ർ, കിടങ്ങൂർ









# സംസ്ഥാനതല വിജയികൾ







# One Minute Please

TIME IS A CURRENCY YOU CAN ONLY SPEND ONCE SO BE CAREFUL HOW YOU SPEND IT.

TIME IS WHAT WE WANT MOST BUT WHAT WE USE WORST.

THE GREATEST GIFT YOU CAN GIVE,SOMEONE IS YOUR TIME BECAUSE WHEN YOU GIVE YOUR TIME,YOU ARE GIVING A PORTION OF YOUR LIFE, THAT YOU WILL NEVER GET BACK.

THE TWO MOST POWERFUL WARRIORS ARE PATIENCE AND TIME.

TIME IS FREE,BUT IT'S PRICELESS,YOU CAN'T OWN IT, BUT YOU CAN USE IT,YOU CAN'T KEEP IT,BUT YOU CAN SPEND IT ONCE YOU'VE LOST IT YOU CAN NEVER GET IT BACK.

Anjana IX

വാക്കുകളും വരകളുമായി ഈ മാഗസിന് നിറച്ചാർത്തേകിയ എല്ലാ കൂട്ടുകാർക്കും കൈത്താങ്ങായി കൂടെ നിന്ന അധ്യാപകർക്കും നന്ദിയുടെ നറുമലരുകൾ

ഒരു വളപ്പൊട്ടുണ്ടെൻകയ്യിൽ
ഒരു മയിൽപ്പീലിയുണ്ടെൻഉള്ളിൽ
വിരസനിമിഷങ്ങൾ സരസമാക്കു-
വാനിവധാരാളമാണെനിക്കെന്നും.

ജീവിതം വിരസമാകാതിരിക്കാൻ ഈ അക്ഷരകുഞ്ഞുങ്ങൾ ചലിക്കട്ടെ ഇന്നും..... എന്നും......എപ്പോഴും..............



Editorial Board